**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പടിഞ്ഞാറേക്കല്ലട ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 12,00,000/- രൂപയ്ക്ക് (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം.1499/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 17/07/2019**

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 10/07/2018 ലെ പി എ എൻ/20591/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 20/05/2019-ലെ ഡി. കെ.എസ്.എ/ 1410/2018/പി റ്റി 1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പടിഞ്ഞാറേക്കല്ലട ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം അർഹതാമാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ നിശ്ചയിച്ച് ഭവന നിർമ്മാണത്തിനായി ചെലവഴിച്ച 12,00,000/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ഒന്നാം ഘട്ടപാർപ്പിട പദ്ധതി വിജയകരമായി പൂർത്തിയാക്കുകയും രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമസഭ ലിസ്റ്റുകൾ തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. ആനുകൂല്യം ലഭിക്കുമെന്ന വിശ്വാസത്തിൽ ടി ഗുണഭോക്താക്കൾ തങ്ങളുടെ ജീർണ്ണിച്ച ഭവനങ്ങൾ പൊളിച്ചുമാറ്റിയതിനാൽ ഇങ്ങനെ കിടപ്പാടം നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണ സഹായം നൽകേണ്ടത് തികച്ചും ന്യായമാണ് എന്നതുകൊണ്ടാണ് ജനകീയ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ട ജനകീയ പാർപ്പിട പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ നടപ്പിലാക്കേണ്ട പദ്ധതി പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ഒറ്റയ്ക്ക് ഏറ്റെടുത്ത് 20,000/- രൂപ വീതം ധനസഹായം നൽകിയതിനാൽ 60 കുടുംബങ്ങൾക്ക് സ്വന്തമായി ഭവനമുണ്ടാവുകയും ചെയ്തു. ഈ 60 കുടുംബങ്ങളും ഭവന നിർമ്മാണ ധനസഹായത്തിന് അർഹരും നിയമാനുസൃതം ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ടവരും ധസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ പഴയ ഗൃഹങ്ങൾ പൊളിച്ച ധനസഹായത്തിന് കാത്തിരുന്നവരുമായതിനാൽ മേൽക്കാര്യങ്ങളിലെ ഉദ്ദേശ ശുദ്ധിയും നീതിബോധവും പരിഗണിച്ച് ഓഡിറ്റ് തടസ്സം സാധൂകരിച്ച് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 26/02/2018 ലെ 2(24)-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ 20-ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 12,000,00/- രൂപയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പടിഞ്ഞാറേക്കല്ലട ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 12,00,000/- രൂപയ്ക്ക് (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, മലപ്പുറം
സെക്രട്ടറി, പടിഞ്ഞാറേക്കല്ലട ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**